വിശകലനം

പി.കെ നിയാസ്



# ഇറാൻ പ്രസിഡന്റ് തെരഞ്ഞെടുപ്പും വിവാദങ്ങളും

**ടെഹ്റാനിലെ** ആസാദി സ്ക്വയറും വാലി അസ്ർ സ്ട്രീറ്റും പ്രശസ്തമാണ്. ഇറാൻ തലസ്ഥാന നഗരിയുടെ പ്രവേശന കവാടമാണ് 1971-ൽ നിർമാണം പൂർത്തിയായ ആസാദി ടവറും അതിനു ചുറ്റുമുള്ള കേന്ദ്രവും. മിഡിലീസ്റ്റിലെ (ഒരുപക്ഷേ ലോകത്തിലെ തന്നെ) ഏറ്റവും നീളമുള്ള തെരുവാണ്, ഇരുവശവും മരങ്ങൾ ഇടതൂർന്നു നിൽക്കുന്ന വാലി അസ്ർ. ഇസ്ലാമിക വിപ്ലവത്തോടനുബന്ധിച്ച പ്രക്ഷോഭങ്ങൾക്ക് പലപ്പോഴും വേദിയായ ഇരു കേന്ദ്രങ്ങളും മൂന്നു പതിറ്റാണ്ടു പിന്നിടുന്ന വിപ്ലവ സ്മരണകൾക്ക് തലവേദനയുണ്ടാക്കുന്ന തരത്തിൽ ചേരി തിരിഞ്ഞുള്ള പോരാട്ടങ്ങൾക്കാണ് ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തെ പത്താമത്തെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നിലവിലുള്ള പ്രസിഡന്റ് മഹ്മൂദ് അഹ്മദീ നിജാദ് വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് കുഴപ്പങ്ങൾ തുടങ്ങിയത്.

വിവിധ ഇസ്ലാമിക പാർട്ടികളുടെ സഖ്യമായ ആബാദ്ഗറാന്റെ ബാനറിൽ മത്സരിച്ച അഹ്മദീ നിജാദ് 62.63 ശതമാനം വോട്ടുകളോടെ തെരഞ്ഞെടുക്കപ്പെട്ടതായി ഔദ്യോഗിക പ്രഖ്യാപനം വന്നതോടെ ഫലം അംഗീകരിക്കില്ലെന്നും വീണ്ടും വോട്ടെടുപ്പ് നടത്തണമെന്നും ആവശ്യപ്പെട്ട് തൊട്ടടുത്ത എതിർ സ്ഥാനാർഥിയും സ്വതന്ത്രനുമായ മീർ ഹുസൈൻ മൂസവി അനുയായികളോട് തെരുവിലിറങ്ങാൻ ആവശ്യപ്പെട്ടു. വോട്ടെടുപ്പ് കഴിഞ്ഞയുടൻ മൂസവിയും കൂട്ടരും വിജയം അവകാശപ്പെടുകയും രാഷ്ട്രാന്തരീയ വാർത്താ ഏജൻസികൾ ശരിയെന്ന മട്ടിൽ അത് പത്രങ്ങൾക്ക് നൽകുകയും ചെയ്തതാണ്. എന്നാൽ ആഭ്യന്തര മന്ത്രാലയം ഫലം പുറത്തുവിട്ടപ്പോൾ മൂസവിക്ക് കിട്ടിയ വോട്ടുകൾ നിജാദിന്റെ ഏതാണ്ട് പകുതി (33.75ശതമാനം). വോട്ടെടുപ്പിലെ ക്രമക്കേടുകളിലൂടെയാണ് നിജാദ് വിജയിച്ചതെന്നാണ് മൂസവിയുടെ ആരോപണം. അദ്ദേഹത്തിന്റെ അനുയായികൾ നടത്തിയ വൻ പ്രക്ഷോഭത്തിൽ ഇതിനകം ഏഴു ജീവൻ നഷ്ടപ്പെട്ടു. പരാതിയുള്ള മണ്ഡലങ്ങളിൽ വീണ്ടും വോട്ടെണ്ണാൻ പരമോന്നത നേതാവ് അലി ഖാംനഈ നൽകിയ ഉറപ്പ് സ്വീകരിക്കാൻ മൂസവി തയാറായിട്ടില്ല. അമേരിക്കയും യൂറോപ്യൻ യൂനിയനും മൂസവിയോടൊപ്പം ചേർന്നിട്ടുണ്ട്.

എക്കാലത്തെയും വാശിയേറിയ തെരഞ്ഞെടുപ്പിനാണ് ഇറാൻ ഇത്തവണ സാക്ഷ്യം വഹിച്ചത്. അഹ്മദീ നിജാദുമായി ഇഞ്ചോടിഞ്ചു പോരാട്ടമാണ് മൂസവി നടത്തുകയെന്ന ശക്തമായ പ്രചാരണം ഇലക്ഷനിലേക്ക് കൂടുതൽ അന്താരാഷ്ട്ര

ശ്രദ്ധ ആകർഷിക്കാൻ കാരണമായി. യുവജനങ്ങൾ സജീവമായി തെരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങി. എസ്.എം.എസ് വഴിയുള്ള വോട്ടിംഗ് പ്രചാരണം അതിശക്തമായിരുന്നു. പതിനാറു വയസ്സ് തികഞ്ഞ ലോകത്തെവിടെയുള്ള ഇറാൻ പൗരന്മാർക്കും അവർ വസിക്കുന്നയിടങ്ങളിൽ വോട്ടു ചെയ്യാൻ സംവിധാനമുണ്ട്. ഇത്തവണ പ്രവാസികൾ വൻ തോതിൽ ഇലക്ഷനിൽ പങ്കാളികളായി. വിദേശങ്ങളിൽ, വിശിഷ്യാ പടിഞ്ഞാറൻ രാജ്യങ്ങളിൽ മികച്ച ജീവിതനിലവാരം പുലർത്തുന്ന ഇറാനികളിൽ വലിയൊരു വിഭാഗം മൂസവിയെയാണ് പിന്തുണച്ചത്. പടിഞ്ഞാറിന്റെ ധാർഷ്ട്യത്തിനെതിരെ പല ഘട്ടങ്ങളിലായി ആഞ്ഞടിച്ച അഹ്മദീ നിജാദിനെ അവർ ഇഷ്ടപ്പെടാത്തത് സ്വാഭാവികം.

നിശ്ചിത സമയം കഴിഞ്ഞും നാലു മണിക്കൂറിലേറെ വോട്ടെടുപ്പ് തുടർന്നത് ജനങ്ങളുടെ ജനാധിപത്യ ബോധത്തിന്റെ തെളിവായിരുന്നു. എന്നാൽ വാശിയേറിയ പ്രചാരണ പരിപാടികളും ടെലിവിഷൻ ചർച്ചകളും വ്യക്തിപരമായ അധിക്ഷേപങ്ങളിലേക്ക് വരെ നീളുകയും അഹ്മദീ നിജാദിനെതിരെ പരമോന്നത നേതാവിന് പരാതി നൽകുന്നേടത്തോളം അത് ചെന്നെത്തുകയുമുണ്ടായി. മുൻഗാമികളായ രണ്ട് പ്രസിഡന്റുമാരുടെ (അലി അക്ബർ ഹാഷ്മി റഫ്സഞ്ചാനിയും മുഹമ്മദ് ഖാത്തമിയും) ഭരണത്തിൽ ഒരു വിഭാഗം പുരോഹിതന്മാരും അവരുടെ ബിസിനസ് ഇടപാടുകാരും ഖജനാവ് കൊള്ളയടിക്കുകയും സാമ്രാജ്യത്വ ശക്തികളുമായി അനാവശ്യ സൗഹൃദത്തിന് തുനിഞ്ഞുവെന്നുമായിരുന്നു നിജാദിന്റെ ആരോപണം. റഫ്സഞ്ചാനിക്കും പുത്രനും നേരെ രൂക്ഷ വിമർശനമാണ് അദ്ദേഹം തൊടുത്തുവിട്ടത്. നിജാദിന്റെ ഈ ആരോപണം ഭാവിയിൽ വലിയ ചർച്ചകൾക്കും വിവാദത്തിനും വഴിവെക്കുമെന്നും ഇവ്വിഷയകമായ അന്വേഷണത്തിൽനിന്ന് വിട്ടുനിൽക്കാൻ ഭരണകൂടത്തിനു കഴിയില്ലെന്നുമാണ് ഇറാൻ വംശജനും ഇസ്‌ലാമിക് റിപ്പബ്ലിക്കിന്റെ കടുത്ത വിമർശകനുമായ മാധ്യമ പ്രവർത്തകൻ അമീർ താഹിരി അഭിപ്രായപ്പെടുന്നത്. മുൻഗാമികൾ അഴിമതി നടത്തിയെന്ന ഗൗരവമായ ആരോപണമാണ് നിജാദ് ഉന്നയിച്ചിരിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. നിജാദ് ഇതുകൊണ്ടും അവസാനിപ്പിച്ചില്ല. മൂസവിക്കുവേണ്ടി രംഗത്തിറങ്ങിയ സർവകലാശാല ഡീനായ അദ്ദേഹത്തിന്റെ ഭാര്യയുടെ ഡോക്ടറേറ്റിൽ സംശയം പ്രകടിപ്പിച്ചതും വിവാദത്തിനിടയാക്കി.

പ്രചാരണങ്ങൾ വീക്ഷിച്ചവർക്കൊക്കെ ഇത്തവണ നിജാദിന് ശക്തമായ പോരാട്ടം നേരിടേണ്ടിവരുമെന്ന് ഉറപ്പായിരുന്നു. മൂസവിയുടെ പ്രചാരണ യോഗങ്ങളിൽ ജനം തടിച്ചുകൂടിയതും യുവാക്കളും സർവകലാശാല വിദ്യാർഥികളും പരസ്യമായി അദ്ദേഹത്തിനുവേണ്ടി രംഗത്തിറങ്ങിയതും മുൻ പ്രധാനമന്ത്രി കൂടിയായ മൂസവിയുടെ പ്രതീക്ഷ വർധിപ്പിച്ചു. എന്നാൽ, ഇലക്ഷന് മൂന്നാഴ്ച മുമ്പ് അമേരിക്കയിലെ പ്രശസ്തമായ റോക്ഫെല്ലർ ബ്രദേഴ്സ് ഫണ്ടിന്റെ സാമ്പത്തിക സഹായത്തോടെ *ടെറർഫ്രീ റിസേർച്ച് ടുമാറോ* എന്ന ഗവേഷണ ഗ്രൂപ്പ് നടത്തിയ സർവേയിൽ ഇറാനിയൻ ജനത അഹ്മദീ നിജാദിനെ കൈവിട്ടിട്ടില്ലെന്നും അദ്ദേഹം തന്നെയാണ് കൂടുതൽ വോട്ടുകൾ നേടുകയെന്നും വ്യക്തമാക്കിയിരുന്നു. മറ്റു മുപ്പതോളം സർവേകൾ ഇരു സ്ഥാനാർഥികളും തുല്യ മുൻതൂക്കമാണ് നൽകിയത്. മൂസവിക്കു വേണ്ടി പ്രചാരണം നടത്തിയ പരിഷ്കരണവാദിയായ മുൻ പ്രസിഡന്റ് ഖാത്തമി അദ്ദേഹത്തിന് വിജയം ഉറപ്പാണെന്ന് പല ഘട്ടങ്ങളിലും പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ അവസാന ഫലം വന്നപ്പോൾ ഇരു സ്ഥാനാർഥികളും തമ്മിലുള്ള അന്തരം വളരെ വലുതായിരുന്നു. ഇതാണ് വോട്ടിംഗിൽ ക്രമക്കേടുണ്ടെന്ന് മൂസവി വിഭാഗത്തിന്റെ ആരോപണത്തിന് ഹേതു.

പ്രചാരണ വേളയിലും ഫലപ്രഖ്യാപനത്തിനുശേഷവും അഹ്മദീ നിജാദിനെതിരെ രംഗത്തുവന്നവരിൽ മറ്റൊരു എതിർ സ്ഥാനാർഥിയും മുൻ പാർലമെന്റ് സ്പീക്കറുമായ മഹ്ദി കർറുബിയും 2005-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട മുൻ പ്രസിഡന്റ് റഫ്സഞ്ചാനിയും ഉൾപ്പെടുന്നു. ഇത്തിമാദെ മില്ലി പാർട്ടി സ്ഥാനാർഥിയായി മൽസരിച്ച കർറൂബി ഏറ്റവും കുറച്ചു വോട്ടുമായി (0.85 ശതമാനം) നാലാമനായി പിന്തള്ളപ്പെട്ടു. നിജാദിന്റെ രണ്ടാം വരവ് തടയുക എന്ന ലക്ഷ്യമാണ് തുടക്കംമുതലേ ഇവർക്കുണ്ടായിരുന്നത്. തുടർച്ചയായി രണ്ടാം തെരഞ്ഞെടുപ്പിലും നിജാദിന്റെ വിജയത്തിൽ വോട്ടിംഗ് ക്രമ

**ആസാദി സ്ക്വയറിനെ ടിയാൻമെൻ സ്ക്വയറാക്കി മാറ്റാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളാണ് പടിഞ്ഞാറൻ മാധ്യമങ്ങളും അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യശക്തികളും കഴിഞ്ഞ കുറച്ചു ദിവസങ്ങളായി നടത്തിക്കൊണ്ടിരിക്കുന്നത്. നിജാദിനെ സ്ഥാനഭ്രഷ്ടനാക്കാമെന്ന കണക്കുകൂട്ടലുകൾക്ക് ഇറാൻ ജനത ബാലറ്റിലൂടെ മറുപടി നൽകിയിട്ടും അവർ കളി തുടരുകയാണ്.**



*ഹുസൈൻ മൂസവി*



*അഹ്മദീ നിജാദ്*

ക്കേട് ആരോപിച്ചതിനു പിന്നിൽ ചില താൽപര്യങ്ങളുണ്ട് എന്ന് സംശയിക്കുന്നതിൽ തെറ്റില്ല. 2005-ലും അദ്ദേഹത്തിന്റെ വിജയം പലരുടെയും കണക്കുകൂട്ടലുകൾ തെറ്റിച്ചിരുന്നു. കരുത്തനായ റഫ്സഞ്ചാനിയായിരുന്നു അന്ന് മുഖ്യ എതിരാളി. ആദ്യ റൗണ്ടിൽ 19.48 ശതമാനം വോട്ടുകളുമായി രണ്ടാം സ്ഥാനത്തായിരുന്നു നിജാദ്. ഒന്നാമതെത്തിയ റഫ്സഞ്ചാനിക്കും (21.13) വിജയിക്കാനാവശ്യമായ 50 ശതമാനം വോട്ടുകൾ ലഭിച്ചിരുന്നില്ല. രണ്ടാം റൗണ്ടിൽ ഏവരെയും ഞെട്ടിച്ച് 61.69 ശതമാനം വോട്ടുകളുമായി വൻ വിജയമാണ് നിജാദ് കൊയ്തത്. റഫ്സഞ്ചാനിക്ക് 35.93 ശതമാനവും ലഭിച്ചു. ആദ്യ റൗണ്ടിൽ 48 ശതമാനം പേരാണ് വോട്ടു രേഖപ്പെടുത്തിയതെങ്കിൽ രണ്ടാം റൗണ്ടിൽ 63 ശതമാനമായി ഉയർന്നത് അഹ്മദീ നിജാദിൽ വോട്ടർമാർക്കുള്ള താൽപര്യത്തെയാണ് കുറിച്ചത്. അന്ന് റഫ്സഞ്ചാനിയെക്കാൾ ആരോപണങ്ങളുമായി രംഗത്തുവന്നത് മൂന്നാം സ്ഥാനത്തായിരുന്ന കർറൂബിയായിരുന്നു. പള്ളികൾ, റെവല്യൂഷനറി ഗാർഡുകൾ, സൈന്യം, ബാസിജ് മിലീഷ്യ എന്നിവ നിജാദിനുവേണ്ടി വോട്ടു പിടിച്ചുവെന്നായിരുന്നു ആരോപണം. പരമോന്നത നേതാവ് ആയത്തുല്ല അലി ഖാംനഈയുടെ മകൻ മുജ്തബയും നിജാദിനുവേണ്ടി കുരുക്കൾ നീക്കിയതായി കർറൂബി ആരോപിച്ചു.

ഇത്തവണ മത്സര രംഗത്തുണ്ടായിരുന്ന നാലു പേരും പ്രമുഖരായിരുന്നു. നിലവിലുള്ള പ്രസിഡന്റ് അഹ്മദീ നിജാദും വിപ്ലവ ഗാർഡിന്റെ മുൻ കമാണ്ടർ മുഹ്സിൻ റിസാഇയും യാഥാസ്ഥിതിക വിഭാഗം സ്ഥാനാർഥികളായും മുൻ സ്പീക്കർ മെഹ്ദി കർറൂബിയും രാജ്യത്തിന്റെ അവസാന പ്രധാനമന്ത്രിയായിരുന്ന മീർ ഹുസൈൻ മൂസവിയും പരിഷ്കരണവാദികളായും അറിയപ്പെട്ടു. പത്രിക തള്ളപ്പെട്ടവരിൽ യാഥാസ്ഥിതിക വിഭാഗത്തിലെ വനിതാ പാർലമെന്റംഗം റാഫത് ബയാതും ഉൾപ്പെടുന്നു. അതേസമയം, മുൻ പ്രസിഡന്റ് മുഹമ്മദ് ഖാത്തമി മത്സരരംഗത്തുനിന്ന് പിന്മാറി മൂസവിക്ക് പരസ്യ പിന്തുണ പ്രഖ്യാപിച്ചു. യാഥാസ്ഥിതികവാദികളായ മുൻ വിദേശകാര്യ മന്ത്രി അലി അക്ബർ വിലായത്തി, മജ്‌ലിസ് സ്പീക്കർ അലി ലാറിജാനി, മുൻ സ്പീക്കർ അലി അക്ബർ നാതിഖ് നൂരി, പരിഷ്കരണവാദിയായി അറിയപ്പെടുന്ന മുൻ വനിതാ വൈസ്പ്രസിഡന്റ് ഡോ. മഅ്സൂമ ഇബ്തികർ, ദേശീയ സുരക്ഷാ കൗൺസിൽ മുൻ സെക്രട്ടറി ഹസ്സൻ റൂഹാനി തുടങ്ങിയവർ മൽസരിക്കാനുള്ള നീക്കം ഉപേക്ഷിക്കുകയായിരുന്നു.

## ആണവ പരിപാടിയും യു.എസ് ബന്ധവും

പ്രധാനമായും നാലു വിഷയങ്ങളാണ് ഇലക്ഷനിൽ പ്രചാരണ വിഷയമായത്. ആണവ പരിപാടിയും അമേരിക്കയുമായുള്ള ബന്ധങ്ങളുമായിരുന്നു അവയിൽ സുപ്രധാനം. രാജ്യത്തിന്റെ ആണവ നയത്തിൽ കാര്യമായ ഒരു മാറ്റവുമുണ്ടാകില്ലെന്ന് നാലു സ്ഥാനാർഥികളും ഒരു പോലെ വ്യക്തമാക്കുകയുണ്ടായി. ഇത്തരം വിഷയങ്ങളിൽ അന്തിമ തീരുമാനം പരമോന്നത നേതാവിന്റേതായിരിക്കുമെന്നും അവർ സൂചിപ്പിച്ചു. ഇറാന്റെ ആണവ പരിപാടികൾ ഭൂലോക പ്രശ്നമായി അവതരിപ്പിച്ച് യുദ്ധസമാന അന്തരീക്ഷം സൃഷ്ടിക്കുന്ന പടിഞ്ഞാറൻ മേലാളന്മാർക്കേറ്റ വലിയ തിരിച്ചടി തന്നെയാണിത്. അവർ ഏകപക്ഷീയമായി പിന്തുണക്കുകയും ഇറാന്റെ ജനവിധി അംഗീകരിക്കാതെ ഇപ്പോഴും പ്രസിഡന്റായി വാഴാൻ ആഗ്രഹിക്കുകയും ചെയ്യുന്ന മൂസവിക്ക് ആണവ വിഷയത്തിൽ നിജാദിന്റേതിനു വിരുദ്ധമായ അഭിപ്രായമില്ല. മാത്രമല്ല, പടിഞ്ഞാറിന്റെ ആശങ്ക മാറ്റാനുള്ള എന്തെങ്കിലും നടപടി ഉണ്ടാകണമെന്നും മൂസവി പറഞ്ഞിട്ടില്ല. *ടൈം* വാരികയുമായുള്ള അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞത് ആണവോർജം ഇറാന്റെ അവകാശമാണെന്നും അതിന്റെ പേരിൽ ചർച്ചയില്ലെന്നുമാണ്. ആണവ പദ്ധതിയെ അണുവായുധവുമായി ബന്ധപ്പെടുത്തുകയാണെങ്കിൽ അതിന് സാങ്കേതികവും രാഷ്ട്രീയവുമായ മാനമുണ്ടെന്നും അത് ചർച്ച ചെയ്യാവുന്നതാണെന്നുമാണ് അദ്ദേഹത്തിന്റെ നിലപാട്. ടെഹ്റാനിൽ മൂസവി അനുകൂലികൾ നടത്തുന്ന കലാപത്തിന് സകല പിന്തുണയും നൽകുന്ന അമേരിക്കൻ മാധ്യമങ്ങൾക്ക് ഒടുവിലെങ്കിലും അദ്ദേഹം വിവാദ പുരുഷനായി മാറിയിരിക്കുകയാണ്. അഹ്മദീ നിജാദിനെതിരെ മൂസവിയെ ഉയർത്തിക്കൊണ്ടുവരുന്നതിൽ വലിയ കാര്യമില്ലെന്നും ടെഹ്റാന്റെ പല വിവാദ നയങ്ങളിലും അദ്ദേഹത്തിന് പങ്കുണ്ടെന്നാണ് *വാൾ സ്ട്രീറ്റ് ജേണൽ* (2009 ജൂൺ 17) ചൂണ്ടിക്കാട്ടുന്നത്. ഇറാന്റെ ആണവ പദ്ധതികളെ തുടക്കത്തിലേ പിന്തുണക്കുന്നയാളാണ് മൂസവി. പ്രധാനമന്ത്രിയായിരുന്നപ്പോൾ പാകിസ്താന്റെ അണുബോംബ് തലവൻ അബ്ദുൽ ഖദീർ ഖാന്റെ ആണവ കരിഞ്ചന്തയിൽനിന്ന് സെന്റ്രിഫ്യൂജ് ഉപകരണങ്ങൾ വാങ്ങാൻ അദ്ദേഹം അനുമതി നൽകിയത് അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ 2007-ലെ റിപ്പോർട്ടിലുണ്ട്.

അതേസമയം, അമേരിക്കയുമായി ബന്ധം മെച്ചപ്പെടുത്തുമെന്ന് മൂസവി പ്രഖ്യാപിച്ചിരുന്നു. ഹോളോകാസ്റ്റിനെ നിരന്തരം നിഷേധിക്കുകയും പടിഞ്ഞാറൻ ഭരണകൂടങ്ങളെ രോഷാകുലരാക്കുന്ന വിധത്തിൽ പ്രസംഗിക്കുകയും ചെയ്യുന്ന അഹ്മദീ നിജാദിന്റെ സമീപനങ്ങൾ ഇറാനെ അന്താരാഷ്ട്ര തലത്തിൽ ഒറ്റപ്പെടുത്തിയെന്നാണ് അദ്ദേഹത്തിന്റെ ആരോപണം. എന്നാൽ അമേരിക്കയുമായി ശത്രുത തുടരുമെന്ന് നിജാദും പറഞ്ഞില്ല. ബന്ധം മെച്ചപ്പെടുത്താൻ വാക്കുകളല്ല, പ്രവർത്തനമാണ് വേണ്ടതെന്നാണ് ഒബാമയുടെ പ്രസിദ്ധമായ കയ്റോ പ്രസംഗത്തോട് അദ്ദേഹം

**മൂസവിയുടെ പേരിൽ പ്രക്ഷോഭം നടത്തുന്നവർ യഥാർഥത്തിൽ അദ്ദേഹത്തിന്റെ അനുയായികളല്ലെന്നും ഇറാന്റെ ഇസ്‌ലാമിക സ്വഭാവം തകർക്കാൻ രംഗത്തുള്ളവരാണെന്നുമുള്ള ഖാംനഈയുടെ പ്രഖ്യാപനം ശ്രദ്ധേയമാണ്.**


ഖാംനഈ

പ്രതികരിച്ചത്. ഇറാനോടുള്ള അമേരിക്കൻ നയത്തിൽ പൊളിച്ചെഴുത്താണ് വേണ്ടതെന്ന് എല്ലാ സ്ഥാനാർഥികളും ഒരേസ്വരത്തിൽ ആവശ്യപ്പെടുകയുണ്ടായി. ഭീകരപ്രവർത്തനങ്ങളെ സ്പോൺസർ ചെയ്യുന്ന രാജ്യങ്ങളുടെ പട്ടികയിൽനിന്ന് ഇറാനെ നീക്കുക, 79-ലെ ഇസ്‌ലാമിക വിപ്ലവത്തിനുശേഷം വിദേശ ബാങ്കുകളിൽ മരവിപ്പിച്ചിരിക്കുന്ന ബില്യൻ കണക്കിന് ഡോളറിന്റെ ആസ്തി തിരിച്ചുനൽകുക തുടങ്ങിയ ആവശ്യങ്ങളും നയം മാറ്റത്തിന്റെ ഭാഗമായി അവർ ഉന്നയിച്ചു.

എണ്ണ, പ്രകൃതി വാതക നിക്ഷേപങ്ങളിൽ ലോകത്ത് രണ്ടാം സ്ഥാനമുള്ള ഇറാന്റെ സാമ്പത്തിക മേഖല അഹ്മദീ നിജാദിന്റെ നാലു വർഷത്തെ ഭരണത്തിൽ തകർന്നുവെന്നായിരുന്നു എതിരാളികളുടെ ആരോപണം. കഴിഞ്ഞ വർഷം ജൂലൈയിൽ എണ്ണ ബാരലിന് 147 ഡോളർ എന്ന റെക്കോർഡ് വിലയിലേക്ക് കുതിച്ചുയർന്നപ്പോൾ ഗവൺമെന്റ് കരുതൽ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ ദോഷഫലങ്ങൾ ഫെബ്രുവരിയിൽ വില 40 ഡോളറിലെത്തിയപ്പോൾ പ്രകടമായെന്ന് വിമർശകർ ചൂണ്ടിക്കാട്ടി. കഴിഞ്ഞ വർഷം പണപ്പെരുപ്പം മുപ്പതു ശതമാനത്തോളമെത്തിയതും തൊഴിലില്ലായ്മ വർധിച്ചതും നിജാദിനെതിരെ പ്രചരണായുധങ്ങളാക്കി. കഴിഞ്ഞ തവണ അധികാരത്തിലേറിയപ്പോൾ എണ്ണ വരുമാനം സാധാരണക്കാരന്റെ പോക്കറ്റിലെത്തിക്കുമെന്ന നിജാദിന്റെ പ്രഖ്യാപനം ഇത്തവണ ഏറ്റെടുത്തത് എതിരാളി കർറൂബിയായിരുന്നു.

അഹ്മദീ നിജാദാകട്ടെ, പട്ടിണി നിർമാർജനം ചെയ്യുമെന്നും എണ്ണ വരുമാനത്തെ ആശ്രയിക്കുന്നത് കുറക്കുമെന്നും ഉറപ്പുനൽകി. പ്രസിഡന്റിന്റെ കൊട്ടാരത്തിൽ രാപ്പാർക്കാതെ സാധാരണക്കാരനെപ്പോലെ റൊട്ടിയും കഴിച്ച് അവരോടൊപ്പം ജീവിച്ച അഹ്മദീ നിജാദിനെ കൈവിടാൻ ഇറാനിലെ പാവപ്പെട്ടവരും മധ്യവർഗക്കാരും തയാറായില്ല. നഗരജീവിതത്തിന്റെ സൗകര്യങ്ങൾ അനുഭവിച്ചവർ കൂടുതൽ ലിബറലാകുന്നത് സ്വാഭാവികം. അവർ മൂസവിയെ ഇഷ്ടപ്പെട്ടതും അതുകൊണ്ടുതന്നെ. എന്നാൽ ഇറാനെന്നാൽ ടെഹ്റാനും സിസ്താനും മാത്രമല്ലെന്ന് എതിരാളികളെ ബോധ്യപ്പെടുത്തുകയായിരുന്നു നിജാദ്. ടെഹ്റാനിലും സിസ്താനിലും തന്റെ ജന്മദേശമായ അസർബീജാൻ വെസ്റ്റിലും മാത്രമേ മീർ ഹുസൈൻ മൂസവിക്ക് ലീഡ് നേടാനായുള്ളൂ. ബാക്കി 27 ഇടങ്ങളിലും അഹ്മദീ നിജാദ് വ്യക്തമായ ലീഡ് നേടിയിരുന്നു.

## ഗൂഢാലോചന

ആസാദി സ്ക്വയറിനെ ടിയാൻമെൻ സ്ക്വയറാക്കി മാറ്റാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളാണ് പടിഞ്ഞാറൻ മാധ്യമങ്ങളും അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യശക്തികളും കഴിഞ്ഞ കുറച്ചു ദിവസങ്ങളായി നടത്തിക്കൊണ്ടിരിക്കുന്നത്. നിജാദിനെ സ്ഥാനഭ്രഷ്ടനാക്കാമെന്ന കണക്കുകൂട്ടലുകൾക്ക് ഇറാൻ ജനത ബാലറ്റിലൂടെ മറുപടി നൽകിയിട്ടും അവർ കളി തുടരുകയാണ്. മൂസവിയെ മുന്നിൽ നിർത്തി ഇറാനിൽ ആഭ്യന്തര കലാപമഴിച്ചുവിടാനുള്ള ശ്രമമാണിതെന്ന് സംശയിക്കുന്നതിൽ തെറ്റില്ല. ശിഈസമെന്ന മുദ്ര കുത്തി ഇറാനെ ഒറ്റപ്പെടുത്താൻ ശമിച്ചുവരുന്ന ചില അറബ് രാജ്യങ്ങളുടെ പിന്തുണയും ഈ നീക്കങ്ങൾക്കുണ്ട്. സകല ഉപരോധങ്ങളും നേരിട്ട് സ്വന്തം കാലിൽ നിൽക്കുന്ന ഇറാനെ തകർക്കാൻ ആണവായുധങ്ങളുടെ പേരിൽ നടത്തിയ ഭീഷണികൾ വിലപ്പോവില്ലെന്ന് അമേരിക്കക്കും കൂട്ടാളികൾക്കും വ്യക്തമായിക്കഴിഞ്ഞു. അണുവായുധം ചിലർക്ക് ആവാം, ചിലർക്ക് പറ്റില്ലെന്ന് തീരുമാനിക്കാൻ ആർക്കും അധികാരമില്ലെന്ന് കയ്റോ പ്രഭാഷണത്തിൽ പ്രസിഡന്റ് ബറാക് ഒബാമക്ക് സമ്മതിക്കേണ്ടിവന്നല്ലോ. ഡയലോഗിനുള്ള ഒബാമയുടെ ഓഫറിന് തണുത്ത പ്രതികരണമാണ് ടെഹ്റാനിൽനിന്ന് ഉണ്ടായത്. ഈ സാഹചര്യത്തിൽ ഇസ്‌ലാമിക വിപ്ലവത്തിന്റെ മക്കളെ തമ്മിൽ തല്ലിച്ച് രാജ്യം കുട്ടിച്ചോറാക്കാനുള്ള നീക്കങ്ങൾക്കാണ് പടിഞ്ഞാറൻ രാജ്യങ്ങളുടെ ശ്രമം. അറിയപ്പെടുന്ന പാശ്ചാത്യ രാജ്യങ്ങളൊന്നും തെരഞ്ഞെടുപ്പ് അംഗീകരിച്ചിട്ടില്ല. വൻ ശക്തികളിൽ റഷ്യയും ചൈനയും മാത്രമാണ് ഫലം സ്വാഗതം ചെയ്തത്. അതേസമയം മൂന്നാം ലോക രാജ്യങ്ങൾ വ്യാപകമായി അഹ്മദീ നിജാദിന് അഭിനന്ദന സന്ദേശം അയച്ചിട്ടുണ്ട്. പാശ്ചാത്യ ഗൂഢാലോചനയെ തള്ളിക്കളയുന്നതായും എത്രയും പെട്ടെന്ന് ടെഹ്റാൻ സന്ദർശിക്കുമെന്നുമാണ് ബ്രസീലിയൻ പ്രസിഡന്റ് ലൂലാ ഡിസിൽവ നിജാദിന് അയച്ച സന്ദേശത്തിൽ പറഞ്ഞത്.

ആത്മീയ നേതാവ് ആയത്തുല്ല സയ്യിദ് അലി ഖാംനഈയാണ് ശിഈ പാരമ്പര്യം പേറുന്ന ഇറാന്റെ അവസാന വാക്ക്. രണ്ടു പതിറ്റാണ്ടായി ഖാംനഈ പറയുന്നതു തന്നെയാണ് രാജ്യത്തിന്റെ വിദേശ നയവും. ഖാംനഈയെ മറികടന്ന് ഒരൊറ്റ തീരുമാനവും ഒരു പ്രസിഡന്റിനും കൈക്കൊള്ളാനാവില്ല. അഹ്മദീ നിജാദിനു പിന്നിൽ മതനേതൃത്വമുണ്ടെന്ന് റിപ്പോർട്ട് എഴുതിയ *ന്യൂയോർക്ക് ടൈംസ്* (2006 സെപ്റ്റംബർ 9) പക്ഷേ, അലി ഖാംനഈ ഏകാധിപതിയല്ലെന്നും തീരുമാനമെടുക്കും മുമ്പ് കൂടിയാലോചിക്കുന്ന പതിവുണ്ടെന്നും ഖുമൈനിയെപ്പോലെ കർക്കശക്കാരനല്ലെന്നും സമ്മതിക്കുന്നു. മൂസവിയുടെ പേരിൽ പ്രക്ഷോഭം നടത്തുന്നവർ യഥാർഥത്തിൽ അദ്ദേഹത്തിന്റെ അനുയായികളല്ലെന്നും ഇറാന്റെ ഇസ്‌ലാമിക സ്വഭാവം തകർക്കാൻ രംഗത്തുള്ളവരാണെന്നുമുള്ള ഖാംനഈയുടെ പ്രഖ്യാപനം ശ്രദ്ധേയമാണ്. ■

Advt.